**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2275** | **01-09-2022 - ൽ മറുപടിയ്ക്ക്**

**ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനത്തിന് ഗ്രേഡ് നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ശുചിത്വ മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ തരംതിരിച്ച് ഗ്രേഡ് നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ശുചിത്വപരിപാലനത്തിന്റെയും മാലിന്യ സംസ്കരണ പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകുന്നതിന് 19.07.2022 തീയതിയിലെ സ.ഉ.(സാധാ)നം.1714/2022/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഗ്രേഡിംഗിന് മാനദണ്ഡങ്ങളായി തീരുമാനിച്ച ഘടകങ്ങൾ എന്തൊക്കെയെന്നും ഗ്രേഡിംഗിന്റെ തരങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (ബി) | ഗ്രേഡിങ്ങിന് മാനദണ്ഡങ്ങളായി തീരുമാനിച്ച ഘടകങ്ങൾ ചുവടെ ചേർക്കുന്നു<br>• നിലവിലെ മാലിന്യ സംസ്കരണം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ<br>• സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണത്തിനായി ഒരുക്കേണ്ട അടിസ്ഥാന സജ്ജീകരണങ്ങൾ<br>• അടിസ്ഥാന സജ്ജീകരണങ്ങളുടെ സുസ്ഥിരതയ്ക്കായി ഒരുക്കേണ്ടുന്ന പിന്തുണ<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപപ്പെടുന്ന ആകെ മാലിന്യത്തിന്റെ അളവ്, ശേഖരിച്ച് സംസ്കരിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് എന്നിവ അടിസ്ഥാനമാക്കിയുള്ള പ്രവർത്തന വിലയിരുത്തൽ.<br>• ഹരിത കർമ്മ സേനയുടെ നേതൃത്വത്തിലുള്ള വാതിൽപ്പടി ശേഖരണ കവറേജ്<br>• തദ്ദേശ സ്ഥാപന പരിധിയിൽ രൂപപ്പെടുന്ന ആകെ മാലിന്യത്തിന്റെ ശേഖരണത്തിന്റെ അളവ്<br>• പാഴ് വസ്തു സംഭരണത്തിനും തരംതിരിക്കലിനുമായി മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ്. സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | | | • ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ (ഗാർഹിക-സ്ഥാപന-പൊതുതലങ്ങൾ)<br>• ശുചിത്വ മാലിന്യ സംസ്കരണ സേവന ഗുണപരത<br>• അശാസ്ത്രീയ മാലിന്യ സംസ്കരണം നടത്തുന്നവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ<br>• മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായുള്ള ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ<br>• പൊതു ശൗചാലയങ്ങളുടെ ശുചിത്വം<br>• പരമ്പരാഗത മാലിന്യ കൂനകൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ<br>• പൊതു ജലാശയങ്ങളുടെ ശുചിത്വം<br>• പൊതു നിരത്തുകളുടെയും പൊതുയിടങ്ങളുടെയും ശുചിത്വം<br>• പൊതു അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• യൂസർഫീ ശേഖരണം<br>• ഹരിത കർമ്മ സേനയുടെ ശാക്തീകരണം<br>• ഇറച്ചി മാലിന്യ സംസ്കരണത്തിലെ ചുവട്ടു വയ്പ്പുകൾ |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ ലക്ഷ്യമിടുന്ന ‘സമ്പൂർണ്ണ ശുചിത്വ കേരളം’ എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിലേക്കായി നിലവിൽ സർക്കാർ പുറത്തിറക്കിയിട്ടുള്ള മാലിന്യ സംസ്കരണ നയങ്ങളുടെയും മാർഗ്ഗരേഖകളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും നിലവിലെ അവസ്ഥ വിലയിരുത്തി മികച്ച അവസ്ഥയിലുള്ളവരെ അംഗീകരിക്കുകയും അല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് പ്രാദേശിക തലത്തിലും സർക്കാർ തലത്തിലും ഇടപെടലുകൾ നടത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സമ്പൂർണ്ണ ശുചിത്വ പദവിയിലെത്തിക്കൽ എന്നതാണ് ഗ്രേഡിങ്ങിലൂടെ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ